വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ഈ നടപടി ശരിയല്ലെന്നും പിൻവലിക്കണമെന്നും കാണിച്ച് കേന്ദ്രഗവൺമെൻറിനെ അറിയിക്കുകയുണ്ടായി. കൂടാതെ മന്ത്രിസഭായോഗം ഇക്കാര്യം ചർച്ചചെയ്ത ശേഷം മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് എഴുതുകയും ചെയ്തു. കേന്ദ്ര ഗവൺമെൻറിൻെറ അവസാന തീരുമാനം ഇതുവരെ സംസ്ഥാന ഗവൺമെൻറിനെ അറിയിച്ചിട്ടില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: പഴയ ഓപ്പൺ ലൈസൻസു സിസ്റ്റം വരുന്നതിൻെറ ഫലമായി ഈ വ്യവസായം കൂടുതൽ മൽസരത്തിനു വിധേയമാകും, നാമാവശേഷമാകും എന്നുള്ളതു കണക്കിലെടുത്ത് ഈ നയം പുനഃപരിശോധിക്കാനും ചാനലൈസേഷൻ പുനഃസ്ഥാപിക്കാനും കേന്ദ്രത്തിൽ സംസ്ഥാനഗവൺമെൻറ് സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അങ്ങനെ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറുതന്നെ ഇവിടത്തെ സ്ഥിതിയെക്കുറിച്ചെല്ലാം മനസിലാക്കിയിട്ട് നിയമിച്ച പ്ലാനിംഗ് അഡ്വൈസർ ശ്രീ. ആർ. വി. രാമൻെറ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ് ഈ ചാനലൈസേഷൻ ആരംഭിച്ചത്. അത് വിജയകരമായി നടന്നുവരികയുമായിരുന്നു. ഇപ്പോഴും സ്വകാര്യവ്യക്തികൾക്ക് പുറത്തു നിന്നു കൊണ്ടുവരുന്നതിനു അനുവാദം കൊടുക്കുന്നതിൽ യാതൊരു ന്യായീകരണവും കാണുന്നില്ല. അത് ഭൂതകരമായി തോന്നിയത്, ഈ ഗവൺമെൻറുമായി ഒരു വാക്കുപോലും പറയാതെ കേന്ദ്രമന്ത്രി തിരുവനന്തപുരത്തു വന്നുനിന്നു പ്രഖ്യാപിച്ചപ്പോഴാണ് ഈ ഗവൺമെൻറു ഇക്കാര്യം അറിഞ്ഞത്. സംസ്ഥാന ഗവൺമെൻറിനുള്ള പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രശ്നം കേന്ദ്രഗവൺമെൻറിൻെറ അടുത്ത് ടേക്കപ്പ് ചെയ്തിരിക്കുകയാണ്. ഇതു സംബന്ധിച്ച് എല്ലാ കാര്യങ്ങളും ഗവൺമെൻറ് ചെയ്യുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സമരങ്ങൾമൂലം കെ. എസ്. ആർ. ടി. സി. ക്കുണ്ടായ നഷ്ടം

*90 [98] ശ്രീ. വട്ടിയൂർക്കാവ് രവി:

,, പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979 ജൂൺ 1-ാംതീയതിക്കുശേഷം സെപ്തംബർ 1-ാംതീയതിവരെ വിദ്യാർത്ഥിസമരങ്ങളും മറ്റു സമരങ്ങളും മൂലം എത്ര കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്;

(ബി) ഇതുമൂലം കെ. എസ്. ആർ. ടി. സി. ക്കു എത്രലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്;

(സി) പൊതുമുതൽ നശീകരണ നിരോധന നിയമമനുസരിച്ച് ആരെയെങ്കിലും ഇതുസംബന്ധിച്ച് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിൻെറ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. നാരായണക്കുറുപ്പ്):

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിയമം ഇപ്പോൾ പ്രാബല്യത്തിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ബസ്ചാർജ് വർദ്ധനവ്

*91 [99] ശ്രീ. ടി. കെ. അബ്ദു:

,, പി. പി. എസ്തോസ്:

,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്ചാർജ് വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽക്ക് വർദ്ധനവ് നിലവിൽ വരും?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ബസ്ചാർജ് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉത്തരം ഉദിക്കുന്നില്ല.

ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ പുതിയ പ്ലാന്റേഷനുകൾ

*92 [100] ശ്രീ. വി. കെ. രാജൻ:

,, പി. കെ. ശ്രീനിവാസൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് പുതിയ എത്ര പ്ലാന്റേഷനുകൾ ആരംഭിച്ചു;

(ബി) എവിടെയെല്ലാം;

(സി) വനവിഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു ഫാക്ടറി തുടങ്ങാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) നടപ്പുവർഷത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറ് 4,583 ഹെക്ടർ പ്രദേശത്ത് വിവിധയിനം വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിച്ചു.

(ബി) ഡിവിഷൻതിരിച്ചുള്ള കണക്ക് ഇതോടൊപ്പമുള്ള പട്ടികയിൽ കൊടുത്തിട്ടുണ്ട്†. 121 ഹെക്ടറിൽ കുരുമുളകും, 80 ഹെക്ടറിൽ കൊക്കൊ, ഔഷധച്ചെടികൾ തുടങ്ങിയ പലതരം വിളകളും സാധാരണയായി

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly